**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1685** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ഡിപ്പോ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണവും സംരക്ഷണവും നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി, ഡിപ്പോയിലെ യാർഡ് വിപുലീകരണ പ്രവർത്തനങ്ങൾക്കായി 75 ലക്ഷം രൂപ 2027-28 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലാണ്.

**(ബി)** പ്രസ്തുത ഡിപ്പോയിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചും കൂടുതൽ ബസ്സുകൾ അനുവദിച്ചും ജനങ്ങൾക്ക് കൂടുതൽ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** പെരുമ്പാവൂർ ഡിപ്പോയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവീസുകൾക്ക് പുറമെ ജനങ്ങൾക്ക് കൂടുതൽ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വിവിധ റൂട്ടുകളിലേയ്ക്കുള്ള യാത്രാവശ്യം പരിശോധിച്ച് കൂടുതൽ സർവീസുകൾ ക്രമീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ അംഗബലം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ സർവ്വീസുകൾ ആരംഭിക്കുന്നപക്ഷം അതനുസരിച്ചുള്ള ജീവനക്കാരെ നിയോഗിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**